# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 996**

**05.03.2018-ന് മറുപടിയ്ക്ക്**

## പാഠപുസ്തക വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പാഠപുസ്തകം അച്ചടിച്ച് വിതരണം ചെയ്ത വകയിൽ കേരള ബുക്സ് ആൻഡ് പബ്ളിഷിങ് സൊസൈറ്റിക്ക് 2010 മുതൽ എത്ര കോടി രൂപയാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) അടുത്ത അദ്ധ്യയനവർഷം അച്ചടി ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത് എന്നറിയിക്കാമോ; | (ബി) 2018-19 അദ്ധ്യയന വർഷത്തെ 1 മുതൽ 10 വരെ ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും കെ.ബി.പി.എസ്സിനെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) പാഠപുസ്തകങ്ങൾ എത്ര ഭാഗമായാണ് അച്ചടിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | (സി) 2018-19 അദ്ധ്യയന വർഷത്തിലും 60 പേജിൽ കൂടുതലുള്ള പാഠപുസ്തകങ്ങൾ പേജുകളുടെ അടിസ്ഥാനത്തിൽ രണ്ടും മൂന്നും വാല്യങ്ങളായി അച്ചടിച്ച് വിതരണം ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) പാഠപുസ്തക അച്ചടിയുടെ തുക വിദ്യാഭ്യാസ വകുപ്പ് നേരിട്ട് നൽകുന്ന രീതി സംസ്ഥാനത്ത് നടപ്പാക്കുമോ ? | (ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ